കാണപ്പെട്ടു. മിശിഹാരാജാവ് തന്റെയും പിതാവിന്റെയും മഹത്വം ധരിച്ച്, തൃക്കയ്യിൽ സ്ലീബാ പിടിച്ച് രഥത്തിൽ കയറി മാതാവായ മറിയാമ്മിന്റെ അടുക്കൽ വന്നു നിന്നു. അപ്പോൾ സകല സൃഷ്ടികളും മാതാവിനെ വന്ദിച്ചു. കർത്താവ് തന്റെ മാതാവിനെ മറിയമേ എന്നു വിളിച്ചു. അവൾ ഗുരു എന്നർത്ഥമുള്ള റാബ്ബലി എന്നു പറഞ്ഞു. "എഴുന്നേറ്റ് എന്റെ പിതാവ് എനിക്കു തന്നിട്ടുള്ള മഹത്വത്തെ കാണൂ. മാതാവേ, ദുഖിക്കേണ്ട നിന്റെ ശരീരം ഏദനിലെ പറുദീസയിലേക്ക് പോകും. അവസാനദിവസം ഞാൻ വരുമ്പോൾ അപ്പോഴുണ്ടാകുന്ന മഹത്വം മനുഷ്യർക്ക് കാണാൻ കഴിയാത്തത് ആയിരിക്കും." അപ്പോൾ ശ്ലീഹൻമാർ ഭാഗ്യവതിയോട് ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നു- നിന്നിൽ വിശ്വസിക്കുന്നവർ രക്ഷിക്കപ്പെടുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അനന്തരം കന്യകമറിയം പ്രാർത്ഥിച്ച്, മിശിഹായുടെ കൈകളെ ചുംബിച്ചുകൊണ്ട് പറഞ്ഞത് എന്തെന്നാൽ എന്റെ കർത്താവേ, ആകാശത്തിലും ഭൂമിയിലും നിന്റെ തിരുവിഷ്ടം നടക്കുമെന്ന് എനിക്ക് അറിയാം. എന്നിൽ ആശ്രയിക്കുന്ന മനുഷ്യരുടെ കുർബാനകളേയും, നേർച്ചകളേയും, അപേക്ഷകളേയും, കണ്ണുനീരുകളേയും കൈക്കൊള്ളേണമേ. മിശിഹാ, അവളോട് കല്പിച്ചത് "നിന്റെ നാമത്തിൽ ആഗ്രഹിക്കുന്നവരുടെമേൽ നിന്റെ ഇഷ്ടപ്രകാരം ഞാൻ കരുണ ചെയ്യും. നിനക്ക് ഓർമ്മയും, കുർബ്ബാനയും കഴിക്കുകയും, നിന്റെ ഇഹലോകവേർപാടിനെ ആദരിക്കുകയും ചെയ്യുന്നവർക്ക് കഷ്ടത ഉണ്ടാകാതെ ഞാൻ കാത്തുകൊള്ളും." പരിശുദ്ധമറിയാമിന്റെ സ്വർഗ്ഗാരോഹണം കാണുകയും, കേൾക്കുകയും ചെയ്ത ശ്ലീഹന്മാർ, സർവ്വ സംഗതികളും എഴുതിവെക്കണമെന്ന് തീരുമാനിച്ചു.

ഇപ്പോൾ മുതൽ സകലതലമുറകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും, കാരണം ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. എന്ന മാതാവിന്റെ പ്രവചനം അക്ഷരാർത്ഥത്തിൽ സഫലമായിക്കൊണ്ടിരിക്കുകയാണല്ലോ!

**കടപ്പാട്:** *വിശുദ്ധകന്യകാമറിയാമിന്റെ ജീവചരിത്രം*
**പരിഭാഷ:** *പള്ളിയ്ക്കപറമ്പിൽ കുര്യാക്കോസ് കത്തനാർ*

## കുടുംബ വിശേഷങ്ങൾ



## കത്തീഡ്രലിൽ പെരുന്നാൾ

2008 ജനുവരി 13ന് കത്തീഡ്രലിൽ പെരുന്നാൾ ആഘോഷിച്ചു. മൈലപ്രദയറയിലെ പോൾ റമ്പാന്റെ പ്രധാന കാർമ്മികത്വത്തിൽ രാവിലെ 7.30 നു തുടങ്ങിയ കുർബ്ബാനശേഷം റാസയും, നേർച്ചവിളമ്പും, പ്രഭാതഭക്ഷണവും കഴിഞ്ഞ് പത്തര മണിയോടുകൂടി പെരുന്നാൾ മംഗളമായി സമാപിച്ചു.

## മൂന്നു നോമ്പ്

ജനുവരി 14, 15, 16 തീയതികളിൽ കത്തീഡ്രലിൽ മൂന്നു നോമ്പ് ആചരിച്ചു. മാവേലിക്കര സെന്റ് പോൾസ് മിഷന്റെ ആഭിമുഖ്യത്തിൽ എല്ലാ ദിവസവും ധ്യാനവും ഗാനശുശ്രൂഷയും ഉണ്ടായിരുന്നു.

## വിവാഹം



വെട്ടിയിൽ ശ്രീ. ഷെറി ലൂക്കോസിന്റെയും ശ്രീമതി ഗീതയുടെയും മകൻ നവീനും, അയ്യമ്പിള്ളി ഈരാളിൽ ക്യാപ്റ്റൻ ജോണിന്റെയും ശ്രീമതി എലിസബേത്തിന്റെയും മകൾ സാറയും തമ്മിലുള്ള വിവാഹം 6-01-2008 ൽ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്നു



കല്ലത്ത് (ദീപം) ശ്രീ. ചെറിയാൻ കോര(നെബു)യുടെയും ശ്രീമതി കുഞ്ഞുമോളുടെയും മകൾ ഇന്ദുലേഖയും, ഇരിഞ്ഞാലക്കുട ആലുംപാടം ശ്രീ. ജെയ്ക്കബ് മാത്യുവിന്റെയും ശ്രീമതി മഞ്ജുവിന്റെയും മകൻ ഡെന്നിസും തമ്മിലുള്ള വിവാഹം 2008 ജനുവരി 27-ാം തീയതി ഇരിഞ്ഞാലക്കുട സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## മാമോദീസ

1. കൂത്തൂർ ശ്രീ. ജഗൻ തോമസിന്റെയും, ശ്രീമതി ആൻസിയുടെയും മകൻ പീറ്റർ ജഗന്റെ മാമോദീസ 12-01-2008 ൽ സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.

2. കാക്കാശ്ശേരിൽ ശ്രീ. ബിനു കെ. തോമസിന്റെയും, ശ്രീമതി സോണായുടെയും മകൻ ജോണിന്റെ (ഇവാൻ) മാമോദീസ 12-01-2008 ൽ സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.

*ഈ പൈതങ്ങൾ ദൈവകൃപയിൽ വളരട്ടെ!*

## നിര്യാതയായി

ഇളംകുളം കതൃക്കടവ് കണ്ണനാക്കൽ കുഞ്ഞന്നാമ്മ(66) 17-01-2008 ൽ നിര്യാതയായി. ഇളംകുളം സെമിത്തേരിയിൽ സംസ്കാരം നടത്തി.

*കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നു*

## വിശേഷദിവസങ്ങൾ

### ഫെബ്രുവരി

| | | |
|---|---|---|
| 4 | തിങ്കൾ | വിലിയനോമ്പാരംഭം - രാവിലെ 11 മണിക്ക് കത്തീഡ്രലിൽ ഉച്ചനമസ്ക്കാരവും, ശുബക്കോനോ ശുശ്രൂഷയും |
| 9 | ശനി | പ്രഥമവികാരി ബ. ജേക്കബ് മുരിക്കിലച്ചന്റെ ഓർമ്മ |
| 10 | ഞായർ | ഗർബോ - കുഷ്ഠരോഗിയെ സൗഖ്യമാക്കിയ ഞായറാഴ്ച |
| 17 | ഞായർ | മ്ശ്റിയോ - തളർവാതരോഗിയെ സൗഖ്യമാക്കിയ ഞായറാഴ്ച |
| 24 | ഞായർ | ക്നാനൈത്തോ - ക്നാനായക്കാരിയുടെ മകളെ സൗഖ്യമാക്കിയ ഞായറാഴ്ച |
| 27 | ബുധൻ | പാതിനോമ്പ് |

### മാർച്ച്

| | | |
|---|---|---|
| 2 | ഞായർ | കിപിപ്തോ - കൂനിയെ സൗഖ്യമാക്കിയ ഞായറാഴ്ച |

Sponsored by:

**NAVA NIRMAN SCHOOL**
Vazhakkala, Cochin-682021
**Ph: 91 484 2422177**

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Cathedral, Ernakulam. Phone : 0484-2352490, 2365827**
***Email: georgekaithayil@yahoo.com***
***For Private Circulation only***





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 2 • ISSUE : 2 FEBRUAY 2008

## എഡിറ്റോറിയൽ

### ആവശ്യങ്ങൾ അറിയുന്ന ദൈവം

നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞു നൽകുവാൻ മനസ്സുള്ളവനാണ് ദൈവം. ആഡംബരങ്ങൾക്കല്ല ആവശ്യങ്ങൾക്കുവേണ്ടി നമുക്ക് ദൈവത്തോടു പ്രാർത്ഥിക്കാൻ സാധിക്കണം. ആവശ്യത്തിൽക്കൂടുതൽ സമൃദ്ധിയുണ്ടാകുമ്പോൾ ഹൃദയം അഹങ്കരിക്കയും ദൈവത്തിൽ നിന്ന് അകന്നുപോകുവാൻ കാരണമാകുകയും ചെയ്യരുത്. ദൈവത്തിൽ നിന്നുള്ള വേർപാട് നാശത്തിലേക്കുള്ള വഴിയൊരുക്കും.

മീൻപിടിക്കുവാൻ പോയ പത്രോസ് രാവെളുക്കുവോളം ഒന്നും കിട്ടാതെ മടങ്ങിവന്നപ്പോൾ വല നിറയെ മീൻപിടിക്കുവാൻ സഹായിച്ച യേശു, കടൽക്കരയിൽ ശിഷ്യന്മാർക്ക് അപ്പവും മീനും ഒരുക്കി കാത്തിരുന്ന യേശു, കരം കൊടുക്കുവാൻ പണമില്ലാതെവന്നപ്പോൾ മീനിന്റെ വായിൽനിന്ന് പത്രോസിന് പണം കൊടുത്ത യേശു, ഇങ്ങനെയുള്ള യേശുവിനോട് പണത്തിന്റെ ആവശ്യങ്ങളും ചോദിക്കുവാൻ നാം മടിക്കേണ്ടതില്ല.

പൗലോസിന്റെ ജയിൽ ജീവിതകാലത്ത് ഫിലിപ്പിയിലെ ക്രിസ്ത്യാനികൾ പണംകൊടുത്തു സഹായിച്ചു. തെസ്സലോനിക്യയിലും പൗലോസിന് അവരുടെ സഹായം ആവശ്യത്തിനു ലഭിച്ചു. നമ്മുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റിത്തരുന്ന ദൈവം ഇവർക്കു പ്രതിഫലം കൊടുക്കുമെന്ന് പൗലോസ് പറയുന്നുണ്ട്.

ഈ എളിയവൻ നിലവിളിച്ചു. യഹോവ കേട്ടു. അവന്റെ സകല കഷ്ടങ്ങളിൽനിന്നും അവനെ രക്ഷിച്ചു (സങ്കീ 34:6).

ദൈവം ഓരോ ചെറിയ കാര്യങ്ങൾപോലും അറിയുന്നവനാണ്. ആപത്തു കാലത്തു നാം പ്രാർത്ഥിക്കുന്നത് ദൈവം കേൾക്കും.

ധ്രുവപ്രദേശത്ത് കൂട്ടമായി ജീവിക്കുന്ന ഒരിനം പക്ഷിയുണ്ട്. മുട്ടയിടാൻ നേരമാവുമ്പോൾ അവ കൂട്ടമായി വന്നു മുട്ടകൾ ഇടുന്നു. തീറ്റിതേടാൻ പറന്നുപോകുന്ന അവ തിരിച്ചു വന്ന് അതാതിന്റെ മുട്ടയുടെമേൽ തെറ്റാതെ അടയിരിക്കും. അവയുടെ മുട്ടയെയും കുഞ്ഞുങ്ങളെയും തിരിച്ചറിയാനുള്ള കഴിവുകൊടുത്ത ദൈവം തന്റെ ഭക്തന്മാരെ ഓരോരുത്തരെയും അറിയുകയും അവരുടെ ഞരക്കം പോലും കേൾക്കുകയും ചെയ്യും.

പാപങ്ങളെക്കുറിച്ചു ബോധ്യമുണ്ടാവുകയും തന്മൂലം ഹൃദയം നുറുങ്ങി യേശുവിലേക്കു നോക്കുകയും ചെയ്യുന്നവരെ രക്ഷിക്കുവാൻ ദൈവത്തിന് എളുപ്പമാണ്.

നീതിമാന്മാരെയല്ല പാപികളെയത്രെ രക്ഷിപ്പാൻ യേശു പിറന്നത്. കഠിനഹൃദയർക്കു രക്ഷകിട്ടുവാൻ കൂടുതൽ ബുദ്ധിമുട്ടാണ്.

ദൈവം നമ്മുടെ ജീവിതത്തിൽ നൽകിയിട്ടുള്ള നൽവരങ്ങളും, നമ്മേ തെറ്റിൽനിന്നു പിൻതിരിപ്പിക്കുവാൻ തന്നിട്ടുള്ള ശിക്ഷകളും ഓർത്തു ദൈവത്തെ സ്നേഹിക്കണം. നാം സ്നേഹിക്കുന്നെന്നു മനസ്സിലാക്കുന്ന ദൈവം നമ്മുടെ കാര്യങ്ങളിൽ കൂടുതൽ ഇടപെടുന്നതു നമുക്കു കാണാൻ കഴിയും.

## ഇടയ സന്ദേശം

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച...)

### ദുഷ്ടാത്മസേന

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പൊലീത്ത

ഈ കാണുന്നതും ശാസ്ത്രീയ പര്യവേഷണങ്ങൾ കൊണ്ട് ഇനിയും കണ്ടെത്തുവാൻ കഴിഞ്ഞേക്കാവുന്നതുമായ ഒരു പ്രപഞ്ചമുണ്ട്. ഇത് ഇന്ദ്രിയങ്ങൾക്കും ബുദ്ധിക്കും ഒരു പരിധിവരെ വഴങ്ങുന്നു. എന്നാൽ ഇന്ദ്രിയാതീത ലോകം എന്നൊന്നുണ്ട്. അത് ഐന്ദ്രിക ലോകത്തേക്കാൾ വളരെ വിശാലമാണുതാനും. ഇന്ദ്രിയാതീത ലോകത്തിലും ജീവികളുണ്ട്. ദൈവം അവയെ സ്വതന്ത്രമായി സൃഷ്ടിച്ചിരിക്കുന്നു. പുതിയനിയമത്തിൽ ഈ ജീവികളെ ദൂതന്മാർ എന്നും പിശാചുക്കൾ എന്നും വിളിക്കുന്നു. പ. പൗലോസ് അപ്പോസ്തലൻ പൈശാചിക ശക്തികളോടുള്ള പോരാട്ടം വളരെ ഗൗരവമായി എടുക്കുന്നു. എഫേ. 6:12 ൽ അദ്ദേഹം പറയുന്നു. നമുക്ക് പോരാട്ടമുള്ളത് ജഢരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകത്തിലെ ദുഷ്ടാത്മ സേനയോടുമത്രേ. അതുകൊണ്ട് പോരിനുള്ള വസ്ത്രം ധരിച്ചുകൊള്ളണമെന്ന് പ. പൗലോസ് തുടർന്നു നിർദ്ദേശിക്കുന്നു. പൈശാചിക സേനയ്ക്ക് നേതാവുണ്ട്. പുതിയനിയമത്തിൽ പല പേരുകളും ഈ സൈന്യാധിപന് നല്കുന്നു. പിശാച് (മത്തായി 4:1, 9:32), സാത്താൻ (1 കൊരി, 5:5, 1 തെസ്സ. 2:18) പരീക്ഷകൻ (മത്തായി 4:3), ഈ ലോകത്തിന്റെ പ്രഭു (1 കൊരി. 2:6), അന്ധകാരത്തിന്റെ ലോകാധിപതി (എഫേ. 6:2, 12), വെളിപാട് പുസ്തകത്തിൽ മഹാസർപ്പം, പഴയ പാമ്പ് (വെളി. 12:9) എന്നിങ്ങനെയും പിശാചിന് പേര് നൽകിയിരിക്കുന്നു.

ഈ ആശയങ്ങൾ എല്ലാം തന്നെ ആധുനിക മനുഷ്യന് അപരിചിതവും അസ്വീകാര്യവുമായ ആശയങ്ങളായേ അനുഭവപ്പെടുന്നുള്ളൂ എന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ചില പണ്ഡിതന്മാർ പിശാചിന്റെ ആളത്വം പ്രതീകാത്മകമായി കാണുന്നുവെന്നും മുമ്പ് സൂചിപ്പിക്കുകയുണ്ടായി. മറ്റുചില പണ്ഡിതന്മാരാകട്ടെ ഇത് മനഃശാസ്ത്രപരമായി വിശദീകരിക്കുന്നതിന് ശ്രമിക്കുന്നു. മനഃശാസ്ത്രത്തിൽ കാണുന്ന വിഭക്തചിത്തതയാണ്(Schizophrenia) പുതിയ നിയമത്തിലും ചിലരുടെ അനുഭവങ്ങളിലും കാണുന്ന ഭൂതാവേശമെന്ന് അവർ വ്യാഖ്യാനിക്കുന്നു. വിഭക്തചിത്തത എന്ന പ്രതിഭാസം എപ്പോഴും മനഃശാസ്ത്രപരമായി മാത്രം മനസ്സിലാക്കുവാൻ കഴിയാവുന്നതല്ല. ഭൂതാവേശം മനസ്സിനും ആത്മാവിനും പിടിപെടുന്ന രോഗമാണ്. അത് ആളത്വത്തിന്റെ തനിമയും ഉദ്ഗ്രഥനവും നശിപ്പിക്കുന്നു. വ്യക്തിത്വം വിഭജിതമായി അയഥാർത്ഥമായ ഒരു സ്വപ്നലോകത്തിലേക്ക് മുഴുവൻ ശ്രദ്ധയും വലിച്ചിഴയ്ക്കപ്പെടുന്നു. ഈ രോഗത്തിന് ഹേതു പലപ്പോഴും ഭൂതാവേശം തന്നെയാണെന്നാണ് പുതിയനിയമം നൽകുന്ന ഉൾക്കാഴ്ച.

ഈ ചർച്ചയിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്ന ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ. നന്മയ്ക്ക് എതിരെ പോരാടുന്ന തിന്മയുടെ ശക്തികൾ (പിശാച്) സൃഷ്ടിയിൽ തന്നെയുണ്ട്. തിന്മയോടാണ് അതിന്റെ പ്രതിബദ്ധത. നമ്മുടെ കാലഘട്ടത്തിലെ യുക്തിവിചാരത്തിന്റെ ചട്ടക്കൂട്ടിൽ ഒതുങ്ങുന്നതല്ല ഈ ആശയം. അനുഭവതലത്തിൽ അറിയാമെന്നല്ലാതെ സാധാരണ ബുദ്ധികൊണ്ട് ഗ്രഹിക്കാവുന്നതല്ല ഇത്. സാമാന്യബുദ്ധിക്ക് വഴങ്ങാത്തതുകൊണ്ടും പഴയഭാഷയിൽ പൊതിഞ്ഞതായതുകൊണ്ടും ഈ ആശയം തള്ളിക്കളയുവാൻ പാടില്ല. ഇതിൽ നിന്ന് ഉൾക്കാഴ്ചകൾ സ്വീകരിക്കുവാൻ കഴിയണം. ●

## പത്രോസ് മാർ ഒസ്ത്താത്തിയോസ് 1885 - 1968

മലങ്കര സഭാകിരീടത്തിലെ കോഹിനൂർ - അധഃസ്ഥിതരുടെ ഉദ്ധാരകൻ

(ഫെബ്രുവരി 2 - ഓർമ്മ)

പുരാതനവും പ്രശസ്തവുമായ തൃപ്പൂണിത്തുറയിലെ മൂക്കഞ്ചേരിൽ, പുരവത്ത് - മറിയാം ദമ്പതികളുടെ പത്താമത്തെ പുത്രനായി 1885 ജൂൺ 20 ന് ജനിച്ചു. പള്ളി ആരാധനയിൽ സ്ഥിരമായി സംബന്ധിച്ച് വിഃ കുർബ്ബാനാനുഭവത്തിൽ വളർന്ന ബാലൻ സഭ നിശ്ചയിച്ചിട്ടുള്ള നോമ്പും നമസ്കാരവും ആത്മീയവളർച്ചയ്ക്ക് ഒഴിച്ചുകൂടാത്ത ഘടകമായിക്കണ്ട് ചെറുപ്പം മുതലേ അനുഷ്ഠിച്ചുവന്നു. 19-ാമത്തെ വയസ്സിൽ തന്നെ താഴ്ന്ന ജാതിക്കാരോടുള്ള പ്രതിപത്തി പ്രകടമായിരുന്നു. പാവപ്പെട്ടവരുടെ കുടിലുകൾ സന്ദർശിച്ച് അവരുമായി അവരുടെ ജീവൽപ്രശ്നങ്ങളിൽ

പങ്കുചേരുക പതിവായിരുന്നു. തന്റെ വിദ്യാഭ്യാസകാലയളവിൽ അധഃസ്ഥിതരെ സന്ദർശിക്കുന്ന പരിപാടി മുറപോലെ നടന്നുവന്നു. ചേരിപ്രദേശങ്ങളിൽ രാത്രിയോഗങ്ങൾ സംഘടിപ്പിക്കുന്നതിലും കുഷ്ഠരോഗികളെ സന്ദർശിച്ച് കഴിയുന്നത്ര സഹായങ്ങൾ ചെയ്യുന്നതിലും സതീർത്ഥ്യരെ അതിലേക്കു പ്രേരിപ്പിക്കുന്നതിലും പത്രോസ് സദാ ശ്രദ്ധിച്ചിരുന്നു.

ജീവിതത്തിൽ ഒരുനിമിഷവും, ഒരു ചില്ലിക്കാശും നഷ്ടപ്പെടുത്തരുതെന്ന ദൃഢവ്രതക്കാരനായിരുന്നു തിരുമേനി. 10 വർഷം ശെമ്മാശനായും 17 വർഷം കശ്ശീശ്ശയായും 10 വർഷം റമ്പാനായും 15 വർഷം മെത്രാപ്പൊലീത്തയുമായി തന്റെ പൗരോഹിത്യ കാലയളവിലെ എല്ലാ പ്രവർത്തനങ്ങളിലും അധഃസ്ഥിതരെ ഉദ്ധരിക്കുന്നതിനുള്ള യജ്ഞം ഒരു അവസാനമില്ലാത്ത രജതരേഖപോലെ തിളങ്ങി നിന്നിരുന്നു.

നൂറു രൂപ ശമ്പളത്തിൽ ജോലിയിൽ പ്രവേശിച്ച അദ്ദേഹം സ്വന്ത ആവശ്യത്തിന് തുച്ഛമായി ചെലവഴിച്ച് ബാക്കി സ്വരുക്കൂട്ടി ഏഴായിരം രൂപയായപ്പോൾ ജോലി രാജിവച്ച് സുവിശേഷവേലയ്ക്കിറങ്ങി.

പത്രോസ് ഒസ്ത്താത്തിയോസ് മെത്രാപ്പൊലീത്ത തന്റെ ജീവിതത്തിന്റെ അന്ത്യനാൾ വരെ കാടും മലയും കാൽനടയായി പോയി വിശപ്പും ദാഹവും സഹിച്ച് മൃഗതുല്യരായി മൂർത്തികളുടെ ദാസന്മാരായി യഥാർത്ഥദൈവത്തെ അറിയാതെ ജീവിച്ചിരുന്ന ആയിരക്കണക്കിന് ആളുകളോട് സുവിശേഷം അറിയിച്ച് അവരെ സ്നേഹിച്ച് അവരെ

കൈക്കുപിടിച്ച് നടത്തിയത് ഒരു നിസ്സാരകാര്യമല്ല. തൃപ്പൂണിത്തുറ കേന്ദ്രമാക്കി സമീപ പ്രദേശങ്ങളിലെല്ലാം പുലമാടങ്ങളുടെ മുറ്റത്തും, ചേരികളിലും ചെറിയ ചെറിയ യോഗങ്ങൾ സംഘടിപ്പിച്ചു. മൂവന്തിനേരത്ത് അന്തിത്തിരി കത്തുന്ന പുലമാടങ്ങളുടെ മുറ്റങ്ങളെല്ലാം സജീവമായി. കുടിൽ സന്ദർശനങ്ങളില്ലാത്ത ദിവസങ്ങളില്ല. ചേങ്ങലയും റാന്തൽവിളക്കും ചിത്ര ചുരുളുമായി സഹപ്രവർത്തകരായ സ്ലീബാദാസന്മാരോടൊപ്പം തിരുമേനിയുടെ യാത്ര മുമ്പോട്ടുതന്നെ പോയി.

1924–ൽ തിരുമേനി സ്ഥാപിച്ച സ്ലീബാദാസസമൂഹം വടവൃക്ഷംപോലെ വളർന്നുപന്തലിച്ച് മലങ്കരയിലുടനീളം നിഴൽവിരിച്ചു. പാഠപുസ്തകങ്ങൾ പഠിപ്പിച്ചിരുന്ന കരങ്ങളിൽ ചേങ്ങലയേന്തി അധഃസ്ഥിതർക്കുവേണ്ടി മുൾക്കിരീടം ധരിക്കാൻ അദ്ദേഹം സന്നദ്ധനായി. അദ്ധ്യാപകന്റെ കസേരയ്ക്ക് പകരം പുലമാടങ്ങളിലെ ഓലക്കീറുകൾ അദ്ദേഹം ഇഷ്ടപ്പെട്ടു. സ്ലീബാദാസസമൂഹത്തിന്റെ പ്രവർത്തനഫലമായി അനേകർ മലങ്കരയിലെ വിവിധ ഇടവകകളിൽ മാമോദീസ സ്വീകരിച്ച് ചേരുവാൻ ഇടയായെങ്കിലും പലയിടങ്ങളിലും സവർണ്ണമേധാവിത്വത്തിന്റെ എതിർപ്പോ അവഗണനയോ ഒക്കെ ഈ പ്രവർത്തനത്തിന്റെ പുരോഗതിക്ക് തടസ്സമായിരുന്നിട്ടുണ്ട്. ഇന്നും തടസ്സമാണ് എന്നതും ഒരു സത്യം തന്നെ.

അയിത്തവും, തൊട്ടുകൂടായ്മയും കൊടികുത്തിവാണിരുന്ന കാലത്ത് കൊച്ചി രാജ്യത്ത് അധകൃതോദ്ധാരണത്തിനുവേണ്ടി ഒരു സ്പെഷ്യൽ ഓഫീസർ തസ്തിക ഗവൺമെന്റ് സൃഷ്ടിച്ചപ്പോൾ എം.പി. പത്രോസ് ശെമ്മാശനെയാണ് അതിനായി തിരഞ്ഞെടുത്ത് നിയമിച്ചത്. ഹരിജനങ്ങളുടെ ഉദ്ധാരണത്തിനും ക്ഷേത്രപ്രവേശനത്തിനും പിന്നിൽ അധഃസ്ഥിതരുടെ അവകാശങ്ങളുടെ നിത്യജാഗ്രത പുലർത്തിയിരുന്ന കാവൽ മാലാഖയായിരുന്നു മാർ ഒസ്ത്താത്തിയോസ്.

ആരാധനാഭാഷ പ്രാദേശിക ഭാഷയിലാക്കുന്നതിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ അഭിവാഞ്ഛയും പ്രവർത്തനങ്ങളും ശ്രദ്ധേയമാണ്. മൂന്നുപ്രാവശ്യം തിരുമേനി അഖിലഭാരതമിഷൻ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് 1953–മെയ് 15ന് എപ്പിസ്കോപ്പമാരായി വാഴിക്കപ്പെട്ട അഞ്ചുപേരിൽ ഒരാൾ തിരുമേനിയായിരുന്നു. ഓരോ പ്രസംഗത്തിലും കർത്താവിന്റെ ചരിത്രം, ഉപദേശം ഇവ ചിത്രച്ചുരുൾ കാണിച്ച് പ്രസംഗിക്കുന്ന ശൈലിയായിരുന്നു തിരുമേനിയുടേത്. പുതുക്രിസ്ത്യാനികൾ ശുചിത്വമുള്ളവരും, മദ്യപാനത്തിൽനിന്ന് ഒഴിഞ്ഞു നിൽക്കുന്നവരും, കുട്ടികളെ സ്കൂളുകളിലും, സണ്ടേസ്കൂളിലും വിട്ട് പഠിപ്പിക്കുന്നവരും, പ്രാർത്ഥനയും പള്ളിയിൽപോക്കും ഉള്ളവരും ആയിരിക്കണമെന്നും, എല്ലാവരും കർത്താവിന്റെ സ്നേഹത്തിൽ ദൈവഭയത്തോടെ നിലനിൽക്കണമെന്നും കുടുംബജീവിതം വെടിപ്പായിരിക്കണം എന്നും മറ്റും പ്രബോധിപ്പിച്ചുവന്നു.

1968 ഫെബ്രുവരി രണ്ടിന് ലിസ്സി ആശുപത്രിയിൽ വച്ച് താൻതന്നെ മാമോദീസാ നൽകി സഭയിൽ ചേർത്ത പുതുകൃസ്ത്യാനി സ്ലീബാദാസനായിരുന്ന ദാനിയേലിന്റെ നെഞ്ചത്ത് തലചായ്ച്ച് അന്ത്യശ്വാസം വലിച്ചു. അദ്ദേഹത്തിന്റെ ഭൗതികശരീരം മുളന്തുരുത്തി കല്ലേൽ ദയറയിൽ കബറടക്കി. സ്ലീബാദാസന്മാരുടെ പട്ടികയിൽ എക്കാലത്തും തിരുമേനിയോടൊപ്പം ഉണ്ടായിരുന്ന സമൂഹം സെക്രട്ടറി പരേതനായ പീലിപ്പോസ് കോർ എപ്പിസ്കോപ്പയും ഇപ്പോഴത്തെ സെക്രട്ടറി ശമുവേൽറമ്പാച്ചനും പ്രധാന കണ്ണികളാണ്. പത്രോസ് മാർ ഒസ്ത്താത്തിയോസ് തിരുമേനിയെപ്പോലുള്ള ഒരു കർമ്മയോഗിയെ കാണാൻ മലങ്കരസഭ ഇനിയും എത്രനാൾ കാത്തിരിക്കേണ്ടിവരും.

**ഫാ ഒ. വി. ഏലിയാസ്**

## വികാരിയുടെ കത്ത്

# കുടുംബപ്രാർത്ഥന

കർത്താവിൽ പ്രിയരേ,

മാറിമാറിവരുന്ന ജീവിതശൈലിയിലെ വ്യതിയാനങ്ങൾ ദിനചര്യയിലും, ആചാരാനുഷ്ഠാനങ്ങളിലും മാറ്റങ്ങൾ വരുത്തുന്നുണ്ട്. പണ്ട് വീടുകളിൽ, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ, വൈദ്യുതിയോ, ഘടികാരങ്ങൾ പോലുമോ ഇല്ലാതെയിരുന്ന കാലഘട്ടങ്ങളിൽ, വൈകുന്നേരം ദേവാലയങ്ങളിൽ മണിയടിക്കുമ്പോഴാണ്, രാത്രിയിലെ വിശ്രമത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചിരുന്നത്. ഇരുട്ടിത്തുടങ്ങുമ്പോൾ അങ്ങിങ്ങായി വീടുകളിൽ ദീപങ്ങൾ തെളിയുന്നു. സ്തോത്രഗീതങ്ങൾ പലയിടങ്ങളിൽ നിന്നും ഉയരുന്നു. ഗൃഹനാഥനും മറ്റു കുടുംബാംഗങ്ങളും ഒരുമിച്ചിരുന്ന് കൃസ്തീയഗീതങ്ങൾ ആലപിക്കുന്നതിലും, വേദപുസ്തക വായനയിലും, സന്ധ്യാപ്രാർത്ഥനയിലും വ്യാപൃതരാകുന്നു. അതിനുശേഷം കുട്ടികൾ പഠനത്തിലും മറ്റുള്ളവർ ഉറങ്ങുന്നതിനുമുമ്പ് ചെയ്തുതീർക്കേണ്ട കർമ്മങ്ങളിലും ഏർപ്പെടുന്നു. ഈ പതിവുകളൊക്കെ ഇന്ന് മാറിപ്പോയി. നമ്മുടെ മിക്ക വീടുകളിലും ഇന്ന് കുടുംബപ്രാർത്ഥനയില്ല. ടി.വി.യിലും, കമ്പ്യൂട്ടറിലും മറ്റുമുള്ള പരിപാടികൾക്കാണ് ഇന്നു പ്രാധാന്യം കൊടുക്കുന്നത്. തന്മൂലം കുടുംബാംഗങ്ങൾ തമ്മിലുള്ള സംഭാഷണങ്ങൾക്കും ആശയവിനിമയങ്ങൾക്കും കുറവു വരികയും, ഭവനങ്ങളിലെ ആത്മീയാന്തരീക്ഷം നഷ്ടപ്പെടുകയും, ദൈവഭക്തിയിൽ നിന്നുളവാകുന്ന ആത്മധൈര്യവും ശുഭാപ്തിവിശ്വാസവും നഷ്ടമാവുകയും ചെയ്യുന്നു.

ദൈവവുമായുള്ള സംസർഗ്ഗമാണ് പ്രാർത്ഥന. പ്രാർത്ഥിക്കുമ്പോൾ നാം നമ്മുടെ ഹൃദയങ്ങളെ ദൈവത്തിങ്കലേക്കുയർത്തുന്നു. സ്തുതി, പശ്ചാത്താപം, അപേക്ഷ, അർപ്പണം എന്നിങ്ങനെ പ്രധാനമായി നാലു ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണ് ആത്മാർത്ഥമായ പ്രാർത്ഥന. ദൈവത്തിൽ നിന്നു നമുക്കു ലഭിക്കുന്ന കൃപകൾക്കും അനുഗ്രഹങ്ങൾക്കും വേണ്ടി, ദൈവത്തോടു നന്ദിപറയുകയും, ദൈവത്തെ സ്തുതിക്കുകയും ചെയ്യേണ്ടതാണ്. ദാവീദിനെപ്പോലെ ദൈവമേ അങ്ങയുടെ ദയയ്ക്കുതക്കവണ്ണം എന്നോടു കൃപയുണ്ടാകണമേ, അവിടുത്തെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചുകളയണമേ എന്ന് പശ്ചാത്താപത്തോടുകൂടി പ്രാർത്ഥിക്കുകയും ചെയ്യണം. നമ്മുടെയും മറ്റുള്ളവരുടെയും ആവശ്യങ്ങൾക്കായി നാം പ്രാർത്ഥിക്കണം. ദൈവഹിതപ്രകാരം എല്ലാം നടത്തണമേയെന്ന് പ്രാർത്ഥിച്ച് നമ്മേത്തന്നെ തിരുമുമ്പിൽ സമർപ്പിക്കേണ്ടതാണ്.

മാതൃകാപരമായ ജീവിതം നയിച്ചിട്ടുള്ള മാതാപിതാക്കളിൽ നിന്ന് ശിക്ഷണം ലഭിച്ചിട്ടുള്ള പലരും ഇന്ന് സഭാകാര്യങ്ങളിലും, ജീവകാരുണ്യപ്രവർത്തനങ്ങളിലും ശുഷ്കാന്തിയും ഔത്സുക്യമുള്ളവരുമായിരിക്കുന്നു. നാം അടുത്ത തലമുറകൾക്ക് മാതൃകയാകണം. നമ്മുടെ എല്ലാ ഭവനങ്ങളിലും സഭാ പിതാക്കന്മാർ അംഗീകരിച്ചിട്ടുള്ള നമസ്ക്കാര ക്രമങ്ങൾ ഉപയോഗിച്ച് പ്രാർത്ഥിക്കണം. മലയാളം വായിക്കുവാൻ അറിഞ്ഞുകൂടാത്ത കുട്ടികൾക്ക് മലയാളത്തിലെ പ്രാർത്ഥനകൾ ഇംഗ്ലീഷ് അക്ഷരങ്ങൾ ഉപയോഗിച്ച് ചൊല്ലുവാൻ സഹായിക്കുന്ന പ്രാർത്ഥനാ പുസ്തകങ്ങൾ ഇന്നു ലഭ്യമാണ്. പ്രധാനപ്പെട്ട പ്രാർത്ഥനകൾ ശിശുപ്രായം മുതൽ മനഃപാഠങ്ങളാക്കുന്നതിലും ശ്രദ്ധിക്കണം.

വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥന്മാർ, അഭിഭാഷകർ, വ്യവസായികൾ ഇങ്ങനെ തിരക്കുള്ള വിവിധ തുറകളിൽപ്പെട്ടവർ അടങ്ങിയ സമൂഹത്തിന്റെ ഇന്നത്തെ പരിതസ്ഥിതികളിൽ ദീർഘമായ പ്രാർത്ഥനകൾ പ്രായോഗികമല്ല. ഏഴുനേരം പ്രാർത്ഥിക്കണമെന്നാണ് നമ്മുടെ സഭ പഠിപ്പിക്കുന്നത്. എന്നാൽ അതിനു സമയമില്ലാത്തവർ ഈ പ്രാർത്ഥനകൾ എല്ലാംകൂടി ഉൾക്കൊള്ളിച്ച് സന്ധ്യ, പ്രഭാതം എന്നു രണ്ടുനേരങ്ങളിലായി പ്രാർത്ഥിക്കുവാൻ അനുവാദം ഉണ്ട്. ഇതനുസരിച്ചുള്ള പ്രാർത്ഥനാ പുസ്തകങ്ങളും പ്രചാരത്തിലുണ്ട്. ഇതിന് അധിക സമയവും ആവശ്യമില്ല.

കാലാന്തരത്തിൽ നാം അറിയാതെ നിന്നുപോയ കുടുംബപ്രാർത്ഥനകൾ പുനരാരംഭിക്കുവാൻ നമുക്ക് ആത്മാർത്ഥമായി ശ്രമിക്കാം. കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് പ്രാർത്ഥനയോടെ ഓരോദിവസവും അവസാനിപ്പിക്കുകയും, അതിരാവിലെ തിരുസന്നിധിയിൽ സമർപ്പിച്ച് ഓരോ ദിവസവും ആരംഭിക്കുകയും ചെയ്യുന്നത് നമുക്ക് ഒരു ശീലമാക്കാം. തന്മൂലം നമ്മുടെ കുടുംബങ്ങൾ കൂടുതൽ അനുഗ്രഹീതമാകുമെന്നുള്ളതിൽ സംശയമില്ല. ദൈവംതമ്പുരാൻ അനുഗ്രഹിക്കട്ടെ

**നിങ്ങളുടെ ഇടമ്പാടത്തച്ചൻ**





## ധ്യാന നിമിഷങ്ങൾ

**ഫാ. റ്റി. ജെ. ജോഷ്വ**

# വിശ്വാസത്തിന്റെ ഉദാത്ത മാതൃക

മഴയില്ലാതെ വരൾച്ചയുടെ കാഠിന്യത്തിൽ ഒരു ദേശം ഉഴലുകയായിരുന്നു. കൃഷികളെല്ലാം കരിഞ്ഞുണങ്ങി. എവിടെ നോക്കിയാലും വിണ്ടുവരണ്ട കാഴ്ച. മനുഷ്യർ മഴയ്ക്കുവേണ്ടി മാനത്തേക്കു കണ്ണും നട്ടിരിപ്പായി. ദിവസങ്ങൾ വരണ്ട ആഴ്ചകളായി മാറി. മഴമാത്രമുണ്ടായില്ല.

ആ പ്രദേശത്തെ പുരോഹിതന്മാരും സഭാപ്രവർത്തകരും ഒരുമിച്ചു ചേർന്നു തീരുമാനിച്ചു. ഇടവകകൾ സംയുക്തമായി മഴയ്ക്കുവേണ്ടി ഒരു ഉപവാസപ്രാർത്ഥനാദിനമാചരിക്കണമെന്ന്. അടുത്ത ശനിയാഴ്ച നഗരപ്രാന്തത്തിലെ മൈതാനിയിൽ ജനങ്ങൾ സമ്മേളിക്കാനായിരുന്നു തീരുമാനം. പ്രാർത്ഥനായജ്ഞത്തിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും ആത്മീയപ്രചോദനത്തിനു പ്രേരിപ്പിക്കുന്നതും അവരുടെ വിശ്വാസത്തിന്റെ പ്രതീകവുമായി ഏതെങ്കിലും ഒരു വസ്തു കയ്യിലെടുക്കണമെന്നായിരുന്നു വ്യവസ്ഥ.

നിശ്ചിത ദിവസം രാവിലെ പത്തുമണിയോടുകൂടി എല്ലാവരും നിർദ്ദിഷ്ടസ്ഥലത്തു സമ്മേളിച്ചു. ആകാംക്ഷ നിറഞ്ഞ മുഖങ്ങളോടും പ്രതീക്ഷാനിർഭരമായ ഹൃദയങ്ങളോടുമായിരുന്നു അവർ എത്തിയത്. നേതൃത്വം നൽകിയ പുരോഹിതൻമാർ കൗതുകത്തോടും ജിജ്ഞാസയോടും വിശ്വാസത്തിന്റെ പ്രതീകമായി ജനങ്ങൾ ഓരോരുത്തരും കൊണ്ടുവന്ന സാധനങ്ങൾ നിരീക്ഷിച്ചു. എത്ര വൈവിധ്യമുണ്ടവയ്ക്ക്. അനേകരും വേദപുസ്തകം മുറുകെ പിടിച്ചിരുന്നു. പ്രാർത്ഥനാപുസ്തകങ്ങൾ, ജപമാല, കുരിശ്, മെഴുകുതിരികൾ, സാമ്പ്രാണി, കുന്തിരിക്കം മുതലായ സാധനങ്ങൾ – ഓരോരുത്തരുടെയും വിശ്വാസത്തിനും ഭാവനയ്ക്കും അനുയോജ്യമായ വസ്തുക്കൾ.

അത്ഭുതമെന്നു പറയട്ടെ, പ്രാർത്ഥനായജ്ഞത്തിന്റെ പരിസമാപ്തിയിൽ ഒരു ചെറിയ മഴ പെയ്യുകയുണ്ടായി. എല്ലാവരുടെയും അധരങ്ങളിൽ നിന്നും കൃതജ്ഞതയുടെയും സ്തോത്രത്തിന്റെയും ശബ്ദം ഉയർന്നു. മാത്രമല്ല, അവരുടെ വിശ്വാസപ്രതീകങ്ങൾ ഉയർത്തിപ്പിടിക്കുകയും ചെയ്തു. സമൂഹമദ്ധ്യത്തിൽ നിന്നിരുന്ന ഒരാളുടെ കയ്യിലെ സാധനം എല്ലാവരും ശ്രദ്ധിച്ചു. അതൊരു നിവർത്തിയ കുടയായിരുന്നു. അത് ഉയർത്തിപ്പിടിച്ചതാകട്ടെ ഒരു ഒൻപതു വയസ്സുകാരിയും.

മഴയ്ക്കുവേണ്ടി പ്രാർത്ഥിച്ചാൽ ഉടനെ മഴയുണ്ടാകുമെന്നു വിശ്വസിക്കാൻ മറ്റാർക്കും കഴിഞ്ഞില്ല. എന്നാൽ ആ പെൺകുട്ടിയുടെ വിശ്വാസം സുശക്തമായിരുന്നു. മഴയുണ്ടാകുമെന്ന വിശ്വാസമാണല്ലോ കുട കരുതുവാൻ അവളെ പ്രേരിപ്പിച്ചത്. പ്രാർത്ഥനയെപ്പറ്റി യേശുനാഥൻ പറഞ്ഞിട്ടുള്ളത് ആ പെൺകുട്ടി പൂർണ്ണമായി വിശ്വസിച്ചു. ഞാൻ പറയുന്നു പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ നിങ്ങൾക്കു ലഭിക്കുക തന്നെ ചെയ്യും.

ആത്മീയ ജീവിതം പരിശുഷ്കവും വിരസവുമാകുന്നത് വിശ്വാസത്തിൽ ക്ഷയം സംഭവിക്കുമ്പോഴാണ്. വിശ്വാസത്തിൽ എന്തെങ്കിലും മാജിക് പ്രവർത്തിക്കുന്നതായിട്ടല്ല ഓർക്കേണ്ടത്. ദൈവത്തിനു പ്രവർത്തിക്കുവാനുള്ള സാഹചര്യം വിശ്വാസത്തിൽകൂടി സാധ്യമാകുകയാണ്. അതുകൊണ്ട് ഒരാൾ പ്രാർത്ഥിച്ചു, “എന്റെ അവിശ്വാസത്തിൽ എന്നെ സഹായിക്കേണമേ”. അവിശ്വാസവും, വിശ്വാസക്കുറവും പരിഹരിക്കുകയാണ് അനേകരുടെയും ആവശ്യം. അതിനാണ് ശിശുസമാനമായ മനസ്സുവേണമെന്നു പറയുന്നത്..

## ഓർമ്മയിൽ നിന്ന്

### ജ്യോതിഷം സത്യമോ ?

(ഡോക്ടർ ഏബ്രഹാം ഉമ്മൻ സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയെക്കുറിച്ച് പ്രസിദ്ധീകരിച്ച “പ്രവാസികളുടെ ഇടയൻ” എന്ന പുസ്തകത്തിന്റെ 47 -ാം പേജ്)

അവധി തീരാറായപ്പോഴേക്കും അച്ചൻ മടക്കയാത്രക്കുള്ള വിമാന ടിക്കറ്റു ശരിയാക്കാൻ (1961–62 ൽ പുന്നൂസച്ചൻ – പിൽക്കാലത്ത് ഭിലായി തിരുമേനി – മലയ, സിങ്കപ്പൂർ ഇടവക വികാരിയായിരുന്നപ്പോൾ) എറണാകുളത്തെത്തി. അവിടെവച്ച് അപ്രതീക്ഷിതമായി അച്ചനൊരു ജോത്സ്യന്റെ (പഴകുളം നാണുക്കുറുപ്പ്) മുമ്പിൽച്ചെന്നുപെട്ടു. ഫാ. പി. വി. ജോസഫിനോടും (1961 ൽ നമ്മുടെ വികാരി-പിൽക്കാലത്ത് പക്കോമിയോസ് തിരുമേനി) ഡോ. എം. പി. ചാക്കോയോടുമൊപ്പം, ചാക്കോയുടെ മാതുലന്റെ വീട്ടിൽ (നമ്മുടെ ഇടവകാംഗം ശ്രീ. കെ.യു. ജേക്കബ്) ഭക്ഷണം കഴിക്കാൻ പോകവെ തികച്ചും അവിചാരിതമായിട്ടായിരുന്നു ഈ മൂവർ സംഘം ജോത്സ്യന്റെ കണ്ണിൽപ്പെട്ടത്. അവർ വീടിനോട് ഏകദേശം അടുത്തെത്തിയപ്പോൾ വീടിന്റെ വരാന്തയിൽ ഇരുന്നിരുന്ന ജോത്സ്യൻ ജോസഫച്ചനെ ചൂണ്ടിക്കൊണ്ട് ഈ അച്ചൻ ഒരു മെത്രാനാകും എന്നു പറഞ്ഞു.

ജോസഫച്ചൻ അയാളെ ഇതിനുമുമ്പ് കണ്ടിട്ടേയില്ല. അച്ചൻമാർ രണ്ടുപേരും അത്ഭുതപ്പെട്ട് പരസ്പരം നോക്കിനിന്നു. അയാൾ വല്ല മാനസികരോഗിയോ മറ്റോ ആയിരിക്കുമെന്ന് ഇരുവരും സംശയിച്ചു. അപ്പോൾ അയാൾ പുന്നൂസച്ചനെ ചൂണ്ടി വീണ്ടും പറഞ്ഞു. ഈ അച്ചൻ ആ അച്ചനേക്കാൾ മുമ്പേ മെത്രാനാകും.

ഡോക്ടർ ചാക്കോയ്ക്ക് ഇതിൽ വളരെ കൗതുകം തോന്നി. പുന്നൂസച്ചനെക്കുറിച്ച് കൂടുതൽ എന്തെങ്കിലും കൂടി പറയാൻ ഡോക്ടർ അയാളോടാവശ്യപ്പെട്ടു.

താമസിയാതെ ഈ അച്ചൻ വിമാനയാത്ര ചെയ്യും. മൂന്നു മാസത്തിനുള്ളിൽ ഇദ്ദേഹത്തിന്റെ പിതാവോ, മാതാവോ മരിക്കും. അനവധി വിദേശരാജ്യങ്ങൾ സന്ദർശിക്കും. അവിടെനിന്ന് ഉന്നതവിദ്യാഭ്യാസം നേടും. ഉടനെതന്നെ ഈ അച്ചന് കുറച്ചു പണം കിട്ടും. ഒത്തിരി സ്ഥലങ്ങൾ വാങ്ങിക്കും. ഒരു മോട്ടോർ കാറും വാങ്ങിക്കും. ഡോക്ടർ ചാക്കോ തന്നെക്കുറിച്ച് എന്തെങ്കിലുമൊക്കെ ഇയാളോട് നേരത്തെ സൂചിപ്പിച്ചിട്ടുണ്ടാകും. അതൊക്കെ പൊടിപ്പും തൊങ്ങലും വച്ച് ഇയാൾ പറയുകയായിരിക്കും എന്നൊക്കെയാണ് പുന്നൂസച്ചൻ വിചാരിച്ചത്.

ജ്യോതിഷം ശാസ്ത്രമായാലും സത്യമായാലും അയാൾ പറഞ്ഞതെല്ലാം സംഭവിച്ചു.

# പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ

**മേരി വർഗ്ഗീസ്, മെറിലാൽഭവൻ**

പരിശുദ്ധാത്മാവ് ശ്ലീഹന്മാരോട് “ഞങ്ങളുടെ ഗുരു തന്റെ മാതാവായ മറിയാമ്മിനെ കാണാൻ വരുന്നതിനാൽ ധൂപം വെപ്പിൻ എന്നു പറഞ്ഞു.” തദനുസരണം ശ്ലീഹന്മാർ ധൂപം വെച്ച് പ്രാർത്ഥിച്ചു. അപ്പോൾ ആകാശത്തുനിന്ന് മാലാഖമാരുടെ സംഘങ്ങൾ മിശിഹാ രാജാവിന് ഹാലേലൂയ്യ പാടുന്ന ശബ്ദം കേൾക്കപ്പെട്ടു. ഉടൻതന്നെ സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറക്കപ്പെട്ടു. ആകാശത്തിലാകട്ടെ, ഭൂമിയിലാകട്ടെ ആ സമയം വേറൊരു ശബ്ദവും ഉണ്ടായിരുന്നില്ല. മിശിഹാരാജാവ്, തന്റെ മാതാവിനെ കാണ്മാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന ആ നാഴിക വളരെ ഭയങ്കരവും ഭ്രമിക്കത്തക്കതും ആയിരുന്നു. ആകാശത്തിൽ നിന്ന് ഇറേന്മാർ, ഹൈലാവോസേന്മാർ, മാലാഖമാർ, ദ്രോസാപ്പേന്മാർ, റാബൈമാലാഖമാർ, ക്രൂബേന്മാർ ആദിയായി ഇറങ്ങിവന്ന സൈന്യങ്ങളുടെ നിരകളും അനവധിയായിരുന്നു. അവർ എല്ലാവരും ഏരിതീ ധരിച്ചവരായിരുന്നു. ചിലർ രഥങ്ങൾകൊണ്ടും, ചിലർ ശബ്ദങ്ങൾകൊണ്ടും ഘോഷിക്കുകയും പാടുകയും ചെയ്തിരുന്നു. ചിലരുടെ മുഖങ്ങൾ ചിറകുകളാൽ മറച്ചിരുന്നു. അവർ എല്ലാവരും ദൂരത്തുനിന്ന് കന്യകമാതാവിനെ വണങ്ങി. മിശിഹാ തമ്പുരാൻ തന്റെ പിതാവിന്റെ മഹത്വം ധരിച്ച് ഇറങ്ങിവന്നു. തന്റെ മുമ്പിൽ മാലാഖമാരും ഉണ്ടായിരുന്നു. സൈത്തുമല മുതൽ ഗുഹയുടെ സമീപത്തുള്ള തടച്ചാൽ വരെ പനിനീർ പെയ്തുകൊണ്ടിരുന്നു. ആകാശത്തുനിന്നും മഹാതേജസ്സും, സുഗന്ധപ്പുകയും അല്ലാതെ വേറൊന്നും കാണ്മാനില്ലായിരുന്നു. ആ ഗുഹ, പ്രകാശമേഘങ്ങളാലും, ജ്വലിക്കുന്ന അഗ്നിയാലും മൂടപ്പെട്ടു. അതിന്റെ മുകളിലും തീ തൂണുകളോടുകൂടിയ മഹത്വത്തിന്റെ ഒരു കൂടാരം പ്രത്യക്ഷമായി. കട്ടിലിൽ കിടന്നിരുന്ന കന്യകമറിയാമിനെ അപ്പോൾ ഹാനോക്കും, ഏലിയാവും, മോശയും മഹത്വത്തിന്റെ മൂന്നു രഥങ്ങളിൽ ഇരുന്നുകൊണ്ട് ആകാശത്തിനും, ഭൂമിക്കും മദ്ധ്യേ മിശിഹാരാജാവിനെ കാത്തു നില്ക്കുന്നതായി കാണപ്പെട്ടു. പരിശുദ്ധാത്മാവ് ശ്ലീഹന്മാരോട് മിശിഹാ രാജാവ് വരുന്നതിനാൽ ധൂപം വെപ്പിൻ എന്നു പറഞ്ഞു. ഉടനെ ആഘോഷ സമേതം വരുന്ന രഥങ്ങളുടേയും, മിശിഹാ രാജാവിന്റെ മുമ്പിൽ വരുന്ന ക്രൂബേന്മാരുടെയും ചിറകുകളുടെ ശബ്ദം ഭയങ്കരമായി കേൾക്കപ്പെട്ടു. ലക്ഷത്തിരുപതിനായിരം സ്വർഗ്ഗ സേനകൾ കാഹളങ്ങളും, കൊമ്പുകളും പിടിച്ചിരിക്കുന്നവരായി